# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.283 | 01/12/2014 ൽ മറുപടിക്ക് |
|---|---|

ബാർകോഴ വിവാദം സംബന്ധിച്ച അന്വേഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജെയിംസ് മാത്യൂ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസുംവകുപ്പ് മന്ത്രി) | |
| (എ) | ബാർ കോഴ സംബന്ധിച്ച് വിജിലൻസ് വകുപ്പിന് നേരിട്ട് ലഭിച്ച പരാതികളും പത്ര-ദൃശ്യ മാധ്യമവാർത്തകളും എത്ര ; പ്രധാനമായും ഏതൊക്കെ ; | (എ) | ബാർ കോഴ സംബന്ധിച്ച് വിജിലൻസ് വകുപ്പിന് 3 പരാതികൾ കിട്ടിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പരാതികൾ തന്നവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.<br>1. ശ്രീ.വി.എസ്.അച്യുതാനന്ദൻ - ബഹു.പ്രതിപക്ഷ നേതാവ്.<br>2.ശ്രീ.പി.കെ.രാജു, പട്ടം, മെഡിക്കൽ കോളേജ് - സ്വകാര്യ വ്യക്തി.<br>3.ശ്രീ.മുണ്ടേല ബഷീർ, നെടുമങ്ങാട് - സ്വകാര്യ വ്യക്തി. |
| (ബി) | അന്വേഷണ സംഘം ഏതെല്ലാം പരാതികളും വെളിപ്പെടുത്തലുകളും അന്വേഷണ വിധേയമാക്കുകയുണ്ടായി; | (ബി) | പ്രസ്തുത പരാതികൾ അന്വേഷണ വിധേയമാക്കിയിട്ടുണ്ട്. |
| (സി) | ആരുടെയെല്ലാം വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ ആരെയെല്ലാം ചോദ്യം ചെയ്യുകയുണ്ടായി; കോഴ വാങ്ങിയതായി ആരോപിക്കപ്പെട്ട ഏതെല്ലാം മന്ത്രിമാരെ ചോദ്യം ചെയ്യുകയുണ്ടായി; | (സി) | പ്രതിപക്ഷനേതാവ് ശ്രീ.വി.എസ്.അച്യുതാനന്ദന്റെ പരാതിയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന വ്യക്തികളെ ചോദ്യം ചെയ്യുകയുണ്ടായി.<br>1. ധനകാര്യ മന്ത്രി ശ്രീ.കെ.എം.മാണി.<br>2.ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ.പി.സി.ജോർജ്ജ്. |
| (ഡി) | അടച്ചുപൂട്ടപ്പെട്ട എത്ര ബാറുകളുടെ ഉടമകളെ ചോദ്യം ചെയ്യുകയുണ്ടായി ; കോഴ നൽകാൻ പണം നൽകിയതായി റിപ്പോർട്ട് ചെയ്യപ്പെട്ട എത്ര ബാറുടമകളെ ചോദ്യം ചെയ്തു എന്നറിയിക്കുമോ ? | (ഡി) | അന്വേഷണ സംഘം 22 ബാർ ഉടമകളെ ചോദ്യം ചെയ്യുകയുണ്ടായി. ചോദ്യം ചെയ്ത ബാർ ഉടമകൾ കോഴ നൽകാൻ പണം നൽകിതായി പറഞ്ഞിട്ടില്ല. അപ്രകാരം പണം നൽകിയതായി വെളിവാക്കപ്പെട്ട ആരും അന്വേഷണ സംഘത്തിന് മുമ്പാകെ ഹാജരാകാൻ കൂട്ടാക്കിയിട്ടില്ല. പണം നൽകിയ തായി പറയുന്നവർ ബാർ അസോസിയേഷനുള്ള കേസുകളുടെ നടത്തിപ്പിനായി ആണ് പണം നൽകിയത് എന്നാണ് അറിയിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ